KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2022/80

തിരുവനന്തപുരം
30.11.2022

സ്വീകർത്താവ്
ബഹു. പവർ സെക്രട്ടറി
ഗവൺമെന്റ് ഓഫ് കേരള
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

**വിഷയം :** **29.11.2022 ൽ സംഘടനകളുമായി നടന്ന സ്മാർട്ട് മീറ്റർ ചർച്ച - അപാകതകൾ സംബന്ധിച്ച്.**

**സൂചന :** **29.11.2022 ലെ അപൂർണ്ണ ചർച്ച**

29.11.2022 ൽ താങ്കളുടെ ഓഫീസ് നിർദ്ദേശാനുസരണം സ്മാർട്ട് മീറ്റർ സംബന്ധിച്ച ഒരു ചർച്ച KSEBL ലെ സംഘടനകളുമായി നടന്നിരുന്നു. ട്രേഡ് യൂണിയൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളുമായി ഒരു ചർച്ച നടത്തുമ്പോൾ അതിന് ചില മാനദണ്ഡങ്ങളൊക്കെ പാലിക്കേണ്ടതായിരുന്നു. 4 pm നുള്ള ചർച്ചയ്ക്കുള്ള അറിയിപ്പ് 1.30 pm നാണ് ലഭിക്കുന്നത്. ഇപ്രകാരമുള്ള ഒരു അറിയിപ്പിനേക്കുറിച്ച് യാതൊരു ഉത്തരവുകളിലോ, രേഖകളിലോ നാളിതുവരെ രേഖപ്പെടുത്തിയിട്ടുള്ളതായി അറിയില്ല. 10000 കോടിയുടെ ബിസിനസ്സ് നടത്തുന്നതിനുമുമ്പ് ഒരു ചർച്ച നടത്തിയെന്ന് വരുത്തിതീർക്കുവാനുള്ള ഒരു ജല്പനമായിരുന്നു. മേൽ ചർച്ചയും, ചർച്ചയിൽ പങ്കെടുത്തവർക്ക് സംസാരിക്കാൻ സാധിക്കാതിരുന്നതും ഇത് വ്യക്തമാക്കുന്നു. KSEB യിലെ ഏക പ്രതിപക്ഷ സംഘടന ഞങ്ങളാണ്. ഞങ്ങളെ ചർച്ചയിൽ വിളിക്കുകയും എന്നാൽ സംസാരിക്കാൻ സമയം ലഭ്യമാക്കാതിരുന്നതും പ്രതിഷേധാർഹമാണ്, ഞങ്ങളുടെ പ്രതിഷേധം ഇതിനാൽ അറിയിക്കുന്നു. ഒരു ജനാധിപത്യ രാജ്യത്തിന് യോജിക്കാത്ത രീതിയിലുള്ള ചർച്ചകൾ അംഗീകരിക്കാനാകില്ലെന്നും അറിയിക്കുന്നു. ഈ വിഷയത്തിൽ ഞങ്ങളുടെ ആശങ്കകളും എതിർപ്പുകളും കാര്യകാരണ സഹിതം ചുവടെ ചേർക്കുന്നു.

1. 15000 കോടി ആസ്തിയുള്ള KSEBL 10000 കോടി വായ്പയെടുത്ത്, വൈദ്യുതി അളക്കാൻ മാത്രം സ്മാർട്ട് മീറ്റർ ബിസിനസ്സിലേയ്ക്ക് കടക്കുന്നത് സ്ഥാപനത്തെ തകർക്കും.
2. പുറത്ത് നിന്നും വാങ്ങുന്ന വൈദ്യുതിയും ആഭ്യന്തര ഉത്പാദനം 28% വും കൂടി അളക്കുവാനാണ് ആകെ ആസ്തിയുടെ 70% വും കടമെടുത്ത് ചിലവാക്കുന്നത് എന്നതിൽ നിന്നും വളരെ വ്യക്തമാണ് ഇത് സ്ഥാപിത താല്പര്യത്തിന് വേണ്ടിയുള്ളതാ ണെന്നത് വസ്തുത.
3. Infrastructure Development, പുതിയ പവർ പ്രോജക്ടുകൾ, വിതരണ ശൃംഖലയുടെ ഭാഗമായ covered conductor, ABC, UG cable, ജീവനക്കാർക്ക് ജോലി ചെയ്യുവാനുള്ള Sky/Ariel lift തുടങ്ങിയ കാര്യങ്ങൾക്കാണ് വായ്പയെടുക്കുന്നതെന്നുപറഞ്ഞാൽ അതിലെ സദുദ്ദേശം മനസ്സിലാകും. ഇവിടെ തികച്ചും ഈ സ്ഥാപനത്തെ തകർക്കുവാനുള്ള ദുരുദ്ദേശമാണ് എന്നത് വളരെ വ്യക്തം.

4. അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ, KSEB യുടെ Borrowing Capacity 15000 കോടി മാത്രമാണെന്നും നിലവിൽ അത് മുഴുവൻ ഉപയോഗിച്ചുവെന്നും ഇനിയും കടമെടുക്കാൻ സാധിക്കില്ലായെന്നുമുള്ള വസ്തുത. ഈ സാഹചര്യത്തിൽ 10000 കോടി കടം എവിടെ നിന്ന് എങ്ങനെ എടുക്കും. ഗവൺമെന്റ് അനുവാദത്തിനുമപ്പുറം എടുക്കണമെന്ന് പവർ സെക്രട്ടറി പറയുമെന്ന് ഞങ്ങൾ കരുതുന്നില്ല.

5. പഴയ മെക്കാനിക്കൽ മീറ്റർ മാറി വയ്ക്കുന്നത് ഇപ്പോഴും പൂർത്തിയായിട്ടില്ല. അതിനുശേഷം വന്ന ഇലക്ട്രോ മെക്കാനിക്കൽ മീറ്ററും അത് പൂർണ്ണമായും മാറിയിട്ടില്ല. പുതിയ ഡിജിറ്റൽ മീറ്റർ ഘടിപ്പിക്കുന്ന വർക്ക് പൂർത്തീകരിച്ചിട്ടില്ല. AAC conductor ACSR ആക്കുന്ന പണിയും 30% മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. ഈ സാഹചര്യത്തിൽ ധൃതഗതിയിലുള്ള നീക്കം അഴിമതിക്ക് കളമൊരുക്കും, മറ്റൊരു ലാവ്‌ലിൻ ആവർത്തിക്കാനുള്ള സാധ്യത ഞങ്ങൾ കാണുന്നു.

6. സ്മാർട്ട് മീറ്റർ വയ്ക്കുമ്പോൾ അത് ഒരു ഏരിയ മുഴുവൻ വയ്ക്കേണ്ടിവരും. 200 രൂപ കറന്റ് ചാർജ് അടയ്ക്കുന്നവർക്കും ബോർഡ് ചിലവിൽ 8000 രൂപയുടെ മീറ്റർ വയ്ക്കേണ്ടിവരും. ഇത് ബോർഡിന്റെ സാമ്പത്തിക സ്ഥിതി തകർക്കില്ലേ. ഇതിന്റെ Rent ഉപഭോക്താളിൽ നിന്നും വാങ്ങി അവരിൽ അമിതഭാരം ഏൽപ്പിക്കുമ്പോൾ ജനങ്ങൾ എതിർക്കില്ലേ. ആ എതിപ്പ് ജീവനക്കാരിൽ എത്തുമെന്ന കാര്യത്തിൽ തർക്കമില്ല.

7. UN ൽ നിന്നും CFL ന് വേണ്ടി 90 കോടി ഗ്രാന്റ് കിട്ടുമെന്ന് പറഞ്ഞ് 2010 ൽ നടത്തിയ CFL കച്ചവടത്തിൽ KSEB ക്ക് നഷ്ടം 90 കേടി. ലാഭം കിട്ടിയത് പർച്ചേഴ്സ് കമ്മീഷൻ അല്ലാതെ മറ്റെന്ത്. അതും പാവപ്പെട്ട ഉപഭോക്താവിന്റെ തലയിൽ കെട്ടിവച്ചില്ലേ. സ്മാർട്ട് മീറ്ററിന് കേന്ദ്രത്തിൽ നിന്നും ഗ്രാന്റ് കിട്ടുമെന്ന് ഇതിനുവേണ്ടി വാദിക്കുന്നവർ പറയുന്നു. നിരവധി പദ്ധതികൾക്ക് KSEB ക്ക് ലഭിച്ചിട്ടുള്ള ഗ്രാന്റിന്റെ കണക്ക് Financial Adviser യിൽ നിന്നും വാങ്ങി അങ്ങ് ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

8. KSEB ആദ്യം ചെയ്യേണ്ടുന്നത് 6000 ഓളം ഉള്ള HT/EHT കാർക്ക് KSEB നേരിട്ട് AMR വയ്ക്കുക. Prepaid മീറ്റർ വയ്ക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് അവരുടെ സ്വന്തം ചിലവിൽ അത് വയ്ക്കാൻ അനുവാദം നൽകുക തുടങ്ങിയ കാര്യങ്ങളാണ്. ഈ വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. രാജസ്ഥാനിൽ ഈ വിഷയം ക്യാബിനറ്റിന്റെ മുമ്പിൽ ഇരിക്കുന്നു. മേൽ ബാധ്യതകൾ വരുത്തി സ്ഥാപനം തകർന്ന് കഴിയുമ്പോൾ കുറ്റം മുഴുവൻ തൊഴിലാളിയുടെയും യൂണിയൻ നേതാക്കൻമാരുടെയും മേൽ ചാരും. ഇപ്പോൾ ഭരണം നടത്തുന്ന Administrative കാർ ആരും അന്ന് കാണില്ല. പണ്ടൊരു കരാറിന് നേതൃത്വം കൊടുത്ത ഒരു പാവം പവർ സെക്രട്ടറി CBI/കോടതി മുമ്പാകെ prayer മായി നടക്കുന്ന അവസ്ഥയും നിലവിലുണ്ട്. അന്നും ഇന്നും ഇവിടെയുള്ളവരാണ് ഞങ്ങൾ സംഘടനാ പ്രവർത്തകർ. ഞങ്ങൾക്ക് ഈ സ്ഥാപനം വേണം. പെൻഷൻ ട്രസ്റ്റിന് 25000 കോടി കൊടുക്കാൻ കിടക്കുമ്പോഴുള്ള ഈ അധിക ധൂർത്ത് എങ്ങനെ താങ്ങും. കേരളം കൃത്യസമയത്ത് നിർദ്ദേശം നൽയിട്ടില്ലായെന്ന് RDSS കമ്മിറ്റിയുടെ 28.10.2022 ൽ നടന്ന യോഗത്തിന്റെ മിനിറ്റ്സ് (13th Monitory Committee) വ്യക്തമാക്കുന്നു. കേരളത്തിൽ Turnkey basis എന്ത് പറയുന്നു. അത് മറ്റൊരു ബിസിനസ്സ്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ് കേരളത്തിലെ ഉന്നത ഉദ്യോഗസ്ഥർ RDSS ൽ വ്യക്തമായ മാർഗരേഖ സമർപ്പിച്ചിട്ടില്ലായെന്ന വസ്തുതയും സ്ഥാപനത്തിന്റെ നിലനിൽപ്പിനും അപ്പുറമുള്ള സ്ഥാപിത താല്പര്യവും ഞങ്ങൾ അംഗീകരിക്കില്ലായെന്നും ആയതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു. അല്ലെങ്കിൽ ഇതിനെതിരെ ശക്തമായ സമരപരിപാടികളിലേയ്ക്കും നിയമപരമായ കാര്യത്തിലേക്കും കടക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Silvykutty

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്